11/എൻഎസ്എസ്/ഡിഎച്ച്എസ്ഇ/2018 24/01/2018

69-ാം റിപ്പബ്ലിക് ദിനാശംസകൾ

**26/01/2018**

നാനാത്വത്തിൽ ഏകത്വം എന്ന ഇന്ത്യയുടെ മുദ്രാവാക്യത്തിന് നിയമവും കരുത്തും സംരക്ഷണവും നൽകുന്നതായിരുന്നു ഡോക്ടർ അംബേദ്കറുടെ നേതൃത്വത്തിൽ രൂപം നൽകിയ ഭരണ ഘടന. സമത്വം, നീതി, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവ ആമുഖത്തിൽ പറയുന്നതാണ് ഭരണഘടയുടെ ആത്മാവ്. 1950-ൽ പാസാക്കിയ ഭരണഘടനയുടെ ആമുഖത്തിൽ ഇതെല്ലാം എടുത്തു പറയുന്നു. 1976 ൽ ആമുഖം ഭേദഗതി ചെയ്ത് 'സോഷ്യലിസ്റ്റ് മതേതരത്വം' എന്നുകൂടി ചേർത്തു. 1950 ജനുവരി 26 നാണ് ഭരണഘടന നിലവിൽ വന്നത്.

രാഷ്ട്രത്തലവന്മാർ ജനങ്ങളാൽ തെരഞ്ഞെടുക്കുകയും പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുകയും ചെയ്യുന്ന രാജ്യങ്ങളെയാണ് റിപ്പബ്ലിക്ക് എന്നു പറയുന്നത്. ഇതിനൊപ്പം ജനങ്ങളുടെ ഹിതമനുസരിച്ച് പ്രധാനമന്ത്രിയും മന്ത്രിസഭയും ഭരണഘടനയുടെ ചട്ടക്കൂടിൽ നിന്നു ഭരണം സാദ്ധ്യമാക്കുകയും ചെയ്യുന്നു. നമ്മുടെ ഭരണഘടനയുടെ സംരക്ഷിക്കാനുള്ള ഓർമ്മപ്പെടുത്തലാണ് നാമോരുത്തരും ഈ ദിനത്തിൽ ആചരിയ്ക്കേണ്ടത്. ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ എല്ലാ എൻഎസ്എസ് യൂണിറ്റുകളും ഈ ദിനം സമുചിതമായി ആചരിക്കേണ്ടതാണ്.

ഏവർക്കും ഊഷ്മളമായ റിപ്പബ്ലിക്ക് ദിനാശംസകൾ.......................

ഒപ്പ് /-

പ്രോഗ്രാംകോഡിനേറ്റർ